(ഡി) ലോക്കൽ പോലീസ് അന്വേഷിച്ചുവരുന്നു.

79 (2264) സന്തോഷ് കേശവന് വെട്ടേറ്റ സംഭവം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സന്തോഷ് കേശവനെ 1999 മേയ് മാസത്തിൽ വെട്ടിപ്പരിക്കേൽപ്പിക്കപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ദേഹത്തെ വെട്ടി പരിക്കേൽപ്പിച്ചത് ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് അറിയിക്കുമോ;

(സി) തകഴി പ്രദേശത്ത് 1999-ൽ ഇതുവരെ എത്ര സി.പി.എം., സി.പി.ഐ. സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഈ സംഘട്ടനങ്ങളിൽ ഒട്ടാകെ എത്രപേർക്ക് പരിക്കേറ്റു എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ആലപ്പുഴ പോലീസ് സ്റ്റേഷനിൽ 131/99 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി)&(ഡി)വിവരം ശേഖരിച്ചുവരുന്നു.

80 (2265) പത്രപ്രവർത്തകരുടെ ജീപ്പ് തടഞ്ഞ സംഭവം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പുർ സഹകരണബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമി സ്റ്റാഫ് റിപ്പോർട്ടർ ദിനകരൻ, ഫോട്ടോഗ്രാഫർ മുരളീകൃഷ്ണൻ എന്നിവർ സഞ്ചരിച്ചിരുന്ന ജിപ്പ് കൊളപ്പ ജംഗ്ഷനിൽവച്ച് 1999 മേയ് 8-ാം തീയതി തടയുകയും ഫോട്ടോഗ്രാഫറെ മർദ്ദിക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിലെ പ്രതികൾ ആരെല്ലാമാണ്;

(ബി) തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിംഗ്ബൂത്തിനു പുറത്തുള്ള ദൃശ്യങ്ങൾ ഫോട്ടോ എടുക്കുന്നത് തടഞ്ഞതും ഫോട്ടോഗ്രാഫറെ മർദ്ദിച്ചതും എന്തിനായിരുന്നു എന്ന് അറിവുണ്ടോ;

(സി) ഈ മർദ്ദനം നടക്കുമ്പോൾ തൊട്ടുപിന്നിലുണ്ടായിരുന്ന പോലീസ് ജീപ്പിൽ സഞ്ചരിച്ചിരുന്നവർ മർദ്ദനം തടയാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) ആ പോലീസുകാരുടെമേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതികൾ മനോഹരൻ, ബിജു, രാജീവൻ എന്നിവരാണ്.

(ബി) കാരണം വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ്, മർദ്ദനം തടയുകയും മൂന്നുപ്രതികളേയും സംഭവസ്ഥലത്തുവച്ച് അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

81 (2266) വ്യാജമദ്യദുരന്തത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലും കോട്ടയത്തും ഈയിട നടന്ന വിഷമദ്യദുരന്തത്തിൽ എത്രപേർ മരിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വ്യാജമദ്യം കഴിച്ചതുമൂലമായി ഈ സംഭവങ്ങളോടനുബന്ധിച്ച് എത്രപേർ രോഗബാധിതരും അവശരുമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിഷമദ്യ ദുരന്തത്തിൽ മരിച്ചവർക്കും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർക്കും എന്ത് തുക വീതം സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) വിഷമദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ)-(സി) മരണമടഞ്ഞ 9 പേരുടെ (കുട്ടനാട്-5, കോട്ടയം- 4) കുടുംബത്തിന് 30,000 രൂപ വീതവും അവശത അനുഭവിച്ച 25 പേർക്ക് അവശതയുടെ തോത് അനുസരിച്ച് 15,000 രൂപ വരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ചുള്ള കേസ്സുകളിൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

82 (2267) ജാമ്യം നേടിയശേഷം അപ്രത്യക്ഷരായ പ്രതികൾ

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിപ്പൂർ വിമാനത്താവളത്തിൽനിന്നും പിടിക്കപ്പെട്ട ശ്രീലങ്കൻ വംശജർ ജാമ്യം നൽകി വിട്ടതിനുശേഷം അപ്രത്യക്ഷരായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ ജാമ്യാപേക്ഷ പരിഗണനാവേളയിൽ സർക്കാരിനു വേണ്ടി ഹാജരാകേണ്ട എ.പി.പി.കോടതിയിൽ ഹാജരായിരുന്നോ;

(സി) ഇല്ലെങ്കിൽ കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly